# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4670.

26.06.2019- ൽ മറുപടിയ്ക്ക്

## പ്രത്യേക കാർഷിക മേഖല പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, കെ. ബാബു<br>,, ആന്റണി ജോൺ<br>,, ഒ. ആർ. കേളു | ശ്രീ. വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ വിളകൾക്ക് ഏറ്റവും അനുയോജ്യമായ കാർഷിക മേഖലകൾ കണ്ടെത്തി അവയുടെ വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖല പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളേയും ഏതെല്ലാം കാർഷിക വിളകളേയുമാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1 - 5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടേയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിയ്ക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉത്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്.<br><br>5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.ഇവ താഴെ പറയും പ്രകാരമാണ്.<br>നെല്ല് (7) - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.<br>പച്ചക്കറി(4) - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ - നെന്മാറ |

| | | |
|---|---|---|
| | | വാഴ (1) - തൃശ്ശൂർ<br>പൂക്കൾ (1) - വയനാട്<br>തെങ്ങ് (1) - കോഴിക്കോട്<br>അട്ടപ്പാടി ഉൾപ്പെടെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ട്രൈബൽ അഗ്രികൾച്ചറിനായി ഒരു പ്രത്യേക കാർഷിക മേഖലയും രൂപീകരിച്ചിട്ടുണ്ട്. |
| **(ബി)** | ഇപ്രകാരം പ്രത്യേക കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മികച്ച വിപണി നേടിക്കൊടുക്കുന്നതിനും അവയ്ക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ പ്രാധാന്യം നേടിക്കൊടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | **(ബി)** സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഒരു കയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ നോഡൽ ഏജൻസിയായി VFPCK-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** | ഇത്തരം ഉല്പന്നങ്ങൾക്ക് ഭൗമശാസ്ത്ര സൂചിക പദവി നേടുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ? | **(സി)** ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട ഭാഗത്തെ വെളുത്തുള്ളിയ്ക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നതിനായി 2018-19 ലെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കാന്തല്ലൂർ, വട്ടവട പഞ്ചായത്തു പ്രസിഡന്റ്മാർ, കർഷക പ്രതിനിധികൾ, കാർഷിക സർവ്വകലാശാലയുടെ പ്രതിനിധികൾ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. മലപ്പുണ്ട് വെളുത്തുള്ളിയ്ക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**